# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 08/24 (221st) Meeting of the Syndicate held on 01.10.2024 at 11.00 a.m at University Head Quarters, Kalady

## Members Present:

| | | |
|---|---|---|
| 1. | പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി<br>വൈസ് ചാൻസലർ, അദ്ധ്യക്ഷ | - ഒപ്പ് |
| 2. | ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 3. | പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 4. | അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 5. | ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 6. | ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 7. | പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 8. | ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 9. | ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 10. | പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 11. | ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം | - ഒപ്പ് |
| 12. | ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം | - ഓൺലൈൻ |
| 13. | ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം | - ഓൺലൈൻ |

കൂടാതെ ഡോ. സുനിത ഗോപാലകൃഷ്ണൻ (പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ ലോകസഭാംഗം ശ്രീ. എം.എം. ലോറൻസ്, മുൻ രാജ്യസഭാംഗം ശ്രീ. സീതാറാം യെച്ചൂരി, പ്രമുഖ ചലചിത്രതാരം ശ്രീമതി കവിയൂർ പൊന്നമ്മ എന്നിവരുടെ നിര്യാണത്തിലും രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

06.09.2024-ാം തീയതിയിലെ 220-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. 24.09.2024 ന് വി.ടി മെമ്മോറിയൽ സ്മാരക ട്രസ്റ്റുമായി ചേർന്ന് സർവകലാശാല മലയാള വിഭാഗം വി.ടി അനുസ്മരണ പ്രഭാഷണം സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ചു.
2. 24.09.2024 ന് സംഘടിപ്പിച്ച എം.വി. കൃഷ്ണവാരിയർ സ്മൃതി മണ്ഡപം പ്രോഗ്രാമിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.
3. ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീശങ്കര സ്റ്റഡിസർക്കിൾ 24.09.2024 ന് പരിപാടി സംഘടിപ്പിച്ചു. തിരുപ്പതി ദേശീയ സംസ്കൃത സർവകലാശാലയിലെ പ്രൊഫസർ, സതീഷ് കെ. എസ്. ആണ് പ്രഭാഷണം നടത്തിയത്.
4. സ്റ്റാഫ് വെൽഫയർ ഫണ്ട് പൊതുയോഗം 25.09.2024 ന് ബഹു. വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്നു. 2020-21 മുതൽ 2023-24 വരെയുള്ള വിദ്യാഭ്യാസ അവാർഡ് ദാനവും നടന്നു.

5. ഐ.സി.എസ്.എസ്.ആർ അംഗീകരിച്ച 1.5 കോടി രൂപയുടെ റിസർച്ച് പ്രോജക്ടായ Empowering young India : A - 4 year Physical Literacy Initiative for Global Sports Diplomacy and Competitive Excellence എന്ന പ്രോജക്ടിന്റെ റിസർച്ച് ടീമിൽ പ്രോജക്ട് ഡയറക്ടർമാരിൽ ഒരാളായി സർവകലാശാല കായിക വിഭാഗത്തിലെ പ്രൊഫസറും വകുപ്പദ്ധ്യക്ഷനുമായ ഡോ. ദിനു എം. ആർ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.
6. കേരള സാമൂഹ്യ സുരക്ഷ മിഷനോടൊപ്പം നാഷണൽ സർവ്വീസ് സ്കീമും നാഷണൽ സർവ്വീസ് കോർപ്സും നടപ്പാക്കുന്ന വി-കെയർ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ സർവകലാശാലയിലെ എൻ.എസ്.എസ്. യൂണിറ്റുകൾക്ക് പ്രത്യേക പുരസ്കാരം ലഭിച്ചു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## **Item No. 2**

Award of Ph.D Degree

| | | |
|---|---|---|
| a) | Smt. Dhanya E.J in Malayalam | [No. EA/PhD/816/SSUS/2023] |
| b) | Smt. Athulya A.R in Sanskrit Vedanta | [No. EA/PhD/821/SSUS/2023] |
| c) | Smt. Jagadeeswary M.R in Sanskrit Nyaya | [No. EA/PhD/787/SSUS/2023] |
| d) | Smt. Jayasree T.S in Sanskrit Nyaya | [No. EA/PhD/755/SSUS/2022] |
| e) | Sri. Abdu Rahman Kari in History | [No. EA/PhD/815/SSUS/2023] |
| f) | Smt. Lekshmipriya Balakrishnan in Hindi | [No. EA/PhD/837/SSUS/2024] |

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Dhanya E.J | Faculty of Indian Languages | 10.09.2024 |
| b) | Smt. Athulya A.R | Faculty of Indian Metaphysics | 05.09.2024 |
| c) | Smt. Jagadeeswary M.R | Faculty of Indian Logic | 04.09.2024 |
| d) | Smt. Jayasree T.S | Faculty of Indian Logic | 03.09.2024 |
| e) | Sri. Abdu Rahman Kari | Faculty of Arts & Social Sciences | 11.09.2024 |
| f) | Smt. Lekshmipriya Balakrishnan | Faculty of Indian Languages | 11.09.2024 |

a) Smt. Dhanya E.J in Malayalam under the Faculty of Indian Languages for the Ph.D thesis titled “കാല്പനിക-ആധുനിക ഭാവുകത്വസമന്വയം വി.ടി. നന്ദകുമാറിന്റെ കൃതികളിൽ”, under the guidance of Dr. M. Krishnan Namboothiri, Professor, Department of Malayalam, SSUS, RC Tirur.

b) Smt. Athulya A.R. in Sanskrit Vedanta under the Faculty of Indian Metaphysics for the Ph.D thesis titled **“Dasein in Heideggerian Philosophy and Ātman in Advaitic Thought”,** under the guidance of Dr. M.S. Muraleedharan Pillai, Professor (Rtd.), Department of Sanskrit Vedanta, SSUS, Kalady.

c) Smt. Jagadeeswary M.R. in Sanskrit Nyaya under the Faculty of Indian Logic for the Ph.D thesis titled **“Influence of Navya-Nyāya on Alaṅkārakaustubha of Viśveśvara Paṇḍita”,** under the guidance of Dr. K.K. Ambikadevi, Professor (Rtd.), Department of Sanskrit Nyaya, SSUS, Kalady.

d) Smt. Jayasree T.S in Sanskrit Nyaya under the Faculty of Indian Logic for the Ph.D thesis titled **“Bharatiya Darsanesu Hetvabhasavicarah”,** under the guidance of Dr. P.V. Satakopa Tatacharya, Professor, Department of Sanskrit Nyaya, SSUS, Kalady.

e) Sri. Abdu Rahman Kari in History under the Faculty of Arts & Social Sciences for the Ph.D thesis titled **“Flows and Counterflows of Knowledge, Tradition and Resistance: Mapping the Dars System in Malabar”,** under the guidance of Dr. A. Paslithil, Rtd. Professor, Kunnumpurath Veedu, Elampazhannoor P.O., Chadayamangalam, Kollam -691 534.

f) Smt. Lekshmipriya Balakrishnan in Hindi under the Faculty of Indian Languages for the Ph.D thesis titled **“Hindi Upanyasom mein Abhivyakt Vibhajan par Aadharit Visthapan ki Trazadi”,** under the guidance of Dr. P.H. Ibrahimkutty, Professor, Department of Hindi, SSUS, Kalady.

## Item No. 3

പന്മന പ്രാദേശിക കേന്ദ്രത്തിൽ നാല് വർഷ ബിരുദ പ്രോഗ്രാമായ ബി.എ. വേദാന്തം നിലനിർത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത് - റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. 03128/ACDB1/SSUS/2024(1))

പന്മന പ്രാദേശിക കേന്ദ്രത്തിൽ നാല് വർഷ ബിരുദ പ്രോഗ്രാമായ ബി.എ. വേദാന്തം നിലനിർത്തുന്നതിന് അനുമതി നൽകികൊണ്ടുള്ള ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 4

NAAC, NIRF പ്രക്രിയകളിലെ Research and Professional Practice എന്ന മാനദണ്ഡപ്രകാരമുള്ള വിലയിരുത്തലിൽ സർവകലാശാലയുടെ സ്കോർ മെച്ചപ്പെടുത്തുന്നതിന് വിദ്യാർത്ഥികൾക്കായി റിസേർച് അച്ചീവ്മെന്റ് ക്യാഷ് അവാർഡിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച്. (No. 01847/IQAC2/SSUS/ 2024(1))

NAAC, NIRF പ്രക്രിയകളിലെ Research and Professional Practice എന്ന മാനദണ്ഡപ്രകാരമുള്ള വിലയിരുത്തലിൽ സർവകലാശാലയുടെ സ്കോർ മെച്ചപ്പെടുത്തുന്നതിന് വിദ്യാർത്ഥികൾക്കായി റിസേർച് അച്ചീവ്മെന്റ് ക്യാഷ് അവാർഡ് ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ അക്കാദമിക് & റിസർച്ച്, ഫിനാൻസ് സ്ഥിരം സമിതികളുടെ പരിഗണനയ്ക്ക് വിടാനും ഇതിനെ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിറ്റികളോട് ആവശ്യപ്പെടാനും തിരുമാനിച്ചു. കൂടാതെ പ്രസ്തുത മാനദണ്ഡം അധ്യാപകരുടെ കാര്യത്തിൽ കൂടി ബാധകമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ പ്രസ്തുത കമ്മിറ്റികളോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

**Item No. 5**

സർവകലാശാലയിലെ ട്യൂട്ടർ തസ്തിക, ലക്ചറർ നോൺ യു.ജി.സി എന്ന് പുനർ നാമകരണം ചെയ്ത നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. (No. 01082/ ADA1/SSUS/2024)

സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 6**

നവ കേരള പോസ്റ്റ് - ഡോക്ടറൽ ഫെല്ലോഷിപ്പ് - പുതുക്കിയ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്. (No. 03131/ADA2/ SSUS/2024)

നവ കേരള പോസ്റ്റ് - ഡോക്ടറൽ ഫെല്ലോഷിപ്പ് സംബന്ധിച്ചുള്ള 12.08.2024 തീയതിയിലെ GO(MS) 499/2024/Hedn നമ്പർ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

**Item No. 7**

ഡോ. മോത്തി ജോർജ്ജ് - ന് രജിസ്ട്രാർ ആയി ജോലിയിൽ പ്രവേശിക്കുന്നതിന് ജോയിനിംഗ് ടൈം അനുവദിച്ചത് സംബന്ധിച്ച്. (No. 03121/ADB2/SSUS/2024(2))

ഡോ. മോത്തി ജോർജ്ജ് - ന് രജിസ്ട്രാർ ആയി ജോലിയിൽ പ്രവേശിക്കുന്നതിന് 08.10.2024 വരെ ജോയിനിംഗ് ടൈം അനുവദിച്ചുകൊണ്ടുള്ള ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 8**

ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കുറവു വരുത്തുന്നതിനുള്ള സർവകലാശാലയുടെ അപേക്ഷയിലുള്ള കേരള പിഎസ്‌സി യുടെ തീരുമാനം സംബന്ധിച്ച്. (No. 00209/ADB3/SSUS/2024(1)

ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ റിപ്പോർട്ട് ചെയ്ത 29 ഒഴിവുകളിൽ 18 എണ്ണം സർവകലാശാല ആവശ്യപ്പെട്ടതനുസരിച്ച് റദ്ദ് ചെയ്ത 22.07.2024 തീയതിയിലെ KPSC യുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 9**

ഫോട്ടോസ്റ്റാറ്റ് ചാർജ്ജ്, ലൈബ്രറി ഫൈൻ - വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്. (No. SSUS/9899/Library/2022)

ഫോട്ടോസ്റ്റാറ്റ് കോപ്പിയുടെ നിരക്ക് 50 പൈസയിൽ നിന്നും ഒരു രൂപയായും വൈകി വരുന്ന പുസ്തകങ്ങൾക്ക് ഫൈൻ പ്രതിദിനം 50 പൈസയിൽ നിന്നും ഒരു രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള 19.06.2024 തീയതിയിലെ ലൈബ്രറി ഉപദേശക സമിതിയുടെ ശിപാർശ അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 10**

ഗ്രേസ് ഗ്രേഡ് / പോയന്റ്സ് / മാർക്ക് ഗൈഡ്‌ലൈൻ അക്കാദമിക് കൗൺസിൽ, സിൻഡിക്കേറ്റ് എന്നിവയുടെ സാധൂകരണത്തിനു വിധേയമായി പരിഷ്കരിച്ച സർവകലാശാല ഉത്തരവ് പ്രാബല്യത്തിൽ വരുത്തിയത് - റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. SSC/19406/SSUS/2019)

ഗ്രേസ് ഗ്രേഡ് / പോയന്റ്സ് / മാർക്ക് ഗൈഡ്‌ലൈൻ അക്കാദമിക് കൗൺസിൽ, സിൻഡിക്കേറ്റ് എന്നിവയുടെ സാധൂകരണത്തിനു വിധേയമായി പരിഷ്കരിച്ച സർവകലാശാല ഉത്തരവ് 2024 ഏപ്രിൽ മുതൽ പ്രോഗ്രാം പൂർത്തിയാക്കുന്നവർക്ക് ബാധകമാക്കിക്കൊണ്ടുള്ള ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 11**

ക്രമീകരിക്കാത്ത മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നൽകിയ കാലാവധി നീട്ടി നൽകുന്നത് - സംബന്ധിച്ച്. (No. 00457/BILLB1/SSUS/2024(1))

അദാലത്ത് നടത്തുന്നതു വരെ മുൻകൂർ തുകകൾ തിരിച്ചുപിടിക്കാനുള്ള തീരുമാനം മരവിപ്പിക്കാനും  അദാലത്ത് നടത്താനുള്ള സത്വര നടപടികൾ കൈക്കൊള്ളാനും തീരുമാനിച്ചു. ഫിനാൻസ് കമ്മറ്റിയും ഫിനാൻസ് ഓഫീസറും സംയുക്തമായി ചേർന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ  നിർദ്ദേശിച്ചു.

**Item No. 12**

സർവകലാശാലയിലെ എല്ലാ റെഗുലർ ജീവനക്കാർക്കും ഓണം അഡ്വാൻസായി 20,000/- രൂപ അനുവദിച്ചത് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 03099/BILL B1/SSUS/2024(1))

06.09.2024 ലെ സ.ഉ. (അച്ചടി) നം. 77/2024/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർവകലാശാലയിലെ എല്ലാ റെഗുലർ ജീവനക്കാർക്കും ഓണം

അഡ്വാൻസായി 20,000/- രൂപ അനുവദിച്ചുകൊണ്ടുള്ള ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## ADDITIONAL AGENDA

### Item No. 1

Award of PhD Degree

a) Smt. Arathi K in Sanskrit Vyakarana (No. EA/PhD/809/SSUS/2023)
b) Smt. Sindhu C.K in Hindi (No. EA/PhD/553/SSUS/2023)

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Arathi K | Faculty of Sanskrit Grammar | 04.09.2024 |
| b) | Smt. Sindhu C.K | Faculty of Indian Languages | 25.09.2024 |

a) Smt. Arathi K. in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“Samskṛte Liṅgasya lokāśrayatvam – ekam adhyayanam”,** under the guidance of Dr. Yamuna K., Professor & Head, Department of Sanskrit Vyakarana, SSUS, Kalady.

b) Smt. Sindhu C.K. in Hindi under the Faculty of Indian Languages for the Ph.D thesis titled **“Samkaleen Kavita ke Stree Hastakhshar: Stree Saaktheekaran ke Sandharbh mein”,** under the guidance of Dr. P. Chithra, Associate Professor, Department of Hindi, SSUS, Kalady.

### Item No. 2

Application for recognition as research guide in Social Work from Dr. Reshma Bharadwaj, Dr. Anitha A, Assistant Professors, Dept. of Social Work, Consideration of – reg. (No. 01821/ACDA2/SSUS/2023(1))

The Syndicate has resolved to grant Research guideship to Dr. Reshma Bharadwaj and Dr. Anitha A, Assistant Professors, Dept. of Social Work.

**Item No. 3**

ബി.എ. 2015 റെഗുലേഷൻ പ്രകാരമുള്ള മേഴ്സി ചാൻസ് - ശ്രീ. അശ്വിൻ ബി യ്ക്ക് എഴുതുവാൻ സാധിക്കാതെപോയ SANSKRIT POETICS – VIB122SS എന്ന പരീക്ഷ സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനു വിധേയമായി പ്രത്യേകമായി നടത്തുന്നത് സംബന്ധിച്ച്. (No. EA/02853/SSUS/2024)

പരീക്ഷക്ക് ഹാജരാകാതിരുന്നതിന്റെ അനുബന്ധ തെളിവുകൾ ഹാജരാക്കുന്ന മുറയ്ക്ക് നിലവിലുള്ള മേഴ്സി ചാൻസ് ഫീസിന്റെ ഇരട്ടി ഫീസ് വാങ്ങി പരീക്ഷ നടത്താൻ തീരുമാനിച്ചു.

**Item No. 4**

പി.എഫ് നിക്ഷേപം ജൂലൈ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിലേക്ക് പലിശമാറ്റം വരുത്തുന്നത് സംബന്ധിച്ച്. (No. 02867/ BILLA3/SSUS/2023(1))

01.07.2024 മുതൽ 30.09.2024 വരെ സർവകലാശാല ഭവിഷ്യനിധി അക്കൗണ്ടിലുള്ള ജീവനക്കാരുടെ നിക്ഷേപങ്ങൾക്ക് 7.1 % പലിശ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള 01.08.2024 ലെ സ.ഉ. (അച്ചടി) നമ്പർ 65/2024/ധന നമ്പർ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ടുള്ള ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 5**

2024 വർഷത്തിൽ ഏപ്രിൽ മാസം നടത്തിയ എം.എസ്. ഡബ്ല്യൂ (2022 അഡ്മിഷൻ/റീ അഡ്മിഷൻ) പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച 111 വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും - സംബന്ധിച്ച്. (No. 03255/EXAMD2/SSUS/2024(1))

2024 വർഷത്തിൽ ഏപ്രിൽ മാസം നടത്തിയ എം.എസ്. ഡബ്ല്യൂ (2022 അഡ്മിഷൻ/റീ അഡ്മിഷൻ) പരീക്ഷയിൽ പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച 111 വിദ്യാർത്ഥികളുടെ പരീക്ഷാഫലം 25.07.2024 മുതൽ മുൻ കാല പ്രാബല്യത്തോടെ പ്രസിദ്ധീകരിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചുകൊണ്ട് റിസൾട്ട് അംഗീകരിക്കുവാനും പ്രസ്തുത വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നതിനായി അക്കാദമിക് കൗൺസിലിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

## Item No. 6

01.08.2024 തീയതിയിൽ കൂടിയ ശ്രീശങ്കരാചാര്യഅന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ ഗവേണിംഗ് കൗൺസിലിന്റേയും അക്കാദമിക് കമ്മറ്റിയുടെയും സംയുക്ത യോഗത്തിന്റെ യോഗ തീരുമാനങ്ങളും 2024-25 സാമ്പത്തികവർഷത്തെ ബജറ്റും കർമ്മ പദ്ധതികളും അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No.02889/ISSS1/ SSUS/2024(1))

ഫിനാൻസ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 7

2024-25 വർഷത്തെ അക്കാദമിക് കലണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച്. (No. 03803/SOACDC/SSUS/2023(1))

ഈ അക്കാദമിക വർഷം നിലവിലെ സെമസ്റ്റർ ബ്രേക്ക് തുടരാനും, സെമസ്റ്റർ ബ്രേക്ക് സംബന്ധിച്ച് നിയമപരമായ പരിശോധനയ്ക്കുവേണ്ടി സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാനും തീരുമാനിച്ചു.

# OUT OF AGENDA

## Item No. 1

ഫിനാൻസ് ഓഫീസർ നിയമനം സംബന്ധിച്ച്.

സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശ പ്രകാരം ഫിനാൻസ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ശ്രീമതി. സിൽവി കൊടക്കാട്ടിന്റെ സേവനം വിട്ട് നൽകുന്നത് സംബന്ധിച്ച് KSEB യ്ക്ക് കത്ത് നൽകി വ്യക്തത വരുത്താൻ തീരുമാനിച്ചു. KSEB യിൽ നിന്ന് അനുകൂല മറുപടി ലഭിച്ചാൽ ശ്രീമതി. സിൽവി കൊടക്കാട്ടിനെ ഫിനാൻസ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാനും തീരുമാനിച്ചു.

## Item No. 2

ക്യാമ്പസ് യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച്.

ഒക്ടോബർ 30 ന് ക്യാമ്പസ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. അതനുസരിച്ച് പരീക്ഷാ തീയതികളിൽ മാറ്റം വരുത്താനും പരീക്ഷകൾ നവംബർ 4 ന് ആരംഭിക്കുവാനും തീരുമാനിച്ചു.

## Item No. 3

പൊളിച്ചു മാറ്റിയ പഴയ BFA കെട്ടിടത്തിന്റെ ശിലാഫലകം സമാന കെട്ടിടം പണിയുന്നതുവരെ കനകധാരാ മ്യൂസിയത്തിൽ സൂക്ഷിക്കാൻ തീരുമാനിച്ചു.

## Item No. 4

FYUGP പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ കോഴ്സ് / പരീക്ഷ രജിസ്ട്രേഷൻ എന്നിവ SAMARTH ERP യ്ക്കു പകരം സർവകലാശാലയുടെ സ്വന്തം പ്ലാറ്റ്ഫോമിൽ നിർവഹിക്കുന്നത് - റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ചു. (No. 02526/ACDB1/SSUS/2024(1))

റിപ്പോർട്ട് ശ്രദ്ധിച്ചു.

## **Item No. 5**

എസ്.എസ്.യു.എസ് സെന്റർ ഫോർ ഓൺലൈൻ ലേണിംഗ് മുഖേന ഓഫർ ചെയ്യുന്ന കോഴ്സുകളുടെ പ്രവർത്തനങ്ങൾക്കായി സർവകലാശാലയിൽ ജോലി ചെയ്യുന്ന പ്രൊജക്റ്റ് ഫെല്ലോസിന്റെ പുന:നിയമനം - ഇതുവരെയുള്ള പ്രവൃത്തി റിപ്പോർട്ട് സംബന്ധിച്ച്. (No. 00941/SCOL1/SSUS/2024(1))

നവംബർ 30 വരെ നിലവിലുള്ള പ്രോജക്റ്റ് ഫെലോസിന് പുന:നിയമനം നൽകുവാനും നിലവിലുള്ള കോഴ്സുകൾ അടിയന്തിരമായി റീ-നോട്ടിഫൈ ചെയ്യുവാനും തീരുമാനിച്ചു.

യോഗം 2.00 pm ന് അവസാനിച്ചു.

| | |
|---|---|
| **ഒപ്പ്** | **ഒപ്പ്** |
| **പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ** | **വൈസ് ചാൻസലർ** |